ലൈസൻസ് നമ്പർ LC 8129/19 തീയതി 28-06-2019

മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നിന്നും

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് ( 1994 ലെ 13 ) 232, 233, 234, 254 എന്നീ വകുപ്പുകളും അതേ തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ചു നൽകുന്ന

## ഡി & ഒ ലൈസൻസ്

| | | |
|---|---|---|
| ലൈസൻസിയുടെ പേരും മേൽവിലാസവും | നിക്കീർ ഹുസൈൻ<br>വടക്കേ കോവൂർ, മണ്ണഞ്ചേരി | |
| സ്ഥാപനത്തിന്റെ പേരും, സ്ഥലനാമവും | സിയാഹ കേരള ഹോളിഡെയ്സ് | |
| ലൈസൻസ് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | ടൂർസ് ട്രാവൽ ഏജൻസി | |
| കെട്ടിടത്തിന്റെ നമ്പരും വാർഡു നമ്പരും | M.G.P. XVII / 396.S. | |
| ലൈസൻസ് കാലയളവ് | 01-04-2019 മുതൽ 31-03-2020 വരെ | |
| ഈടാക്കിയ ലൈസൻസ് ഫീസ് | 1000<br>1500 രൂപ | രസീത് നമ്പർ<br>1190101015 75 / 29-06-19 |
| ലൈസൻസ് അനുവദിക്കുന്നതിനായി ഹാജരാക്കിയ നിരാക്ഷേപ പത്രങ്ങളുടെ വിശദാംശങ്ങൾ ( നമ്പർ, തീയതി, കാലയളവ്, നൽകിയ അധികാരസ്ഥാനം) | മുൻലൈസൻസ് പകർപ്പ്<br>വാടക കരാറിന്റെ | |

ഓഫീസ് മുദ്ര

MANNANCHERRY GRAMA PANCHAYATH OFFICE
ALAPPUZHA DISTRICT-688 538
MANNANCHERRY P.O.

സെക്രട്ടറി

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്

സെക്രട്ടറി
മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്
Ph: 949604364

GLM-30-Y-2014

ലൈസൻസി താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു

1. കേരളാ പഞ്ചായത്ത് രാജ് ആക്ടും അതേ തുടർന്നുള്ള ചട്ടങ്ങളും ബൈലകളും അനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.
2. തൊഴിൽ സ്ഥലവും അതിലുള്ള സാധനസാമഗ്രികളും പഞ്ചായത്തധികാരികൾക്കോ / സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി വേണ്ട സൗകര്യം നൽകേണ്ടതും അവർ ആവശ്യപ്പെട്ടാൽ ഈ ലൈസൻസ് കാണിക്കേണ്ടതുമാകുന്നു.
3. ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്ക വിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസി തന്റെ പേരും, ലൈസൻസിന്റെ നമ്പരും ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളപ്പലക വച്ചിരിക്കേണ്ടതാണ്.
4. പഞ്ചായത്തിൽ നിന്നും അനുവാദം ലഭിച്ചശേഷമല്ലാതെ തൊഴിൽ സ്ഥലം മാറ്റാൻ പാടില്ലാത്തതും തൊഴിൽ നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി പഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു.
5. തൊഴിൽ സ്ഥലവും പരിസരങ്ങളും വൃത്തിയായും സാംക്രമികരോഗാണുക്കൾ ഉണ്ടാകാത്ത വിധത്തിലും പൊതുജനോപദ്രവമാകാത്ത വിധത്തിലും വ്യാപാരത്തിനു വച്ചിട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, അണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്ത വിധത്തിലും സൂക്ഷിക്കേണ്ടതാണ്.
6. ഓരോ പ്രവർത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്.
7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് , സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്.
8. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുവരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ,അസഹ്യവും, ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേണ്ടതാണ്.
9. ലൈസൻസി മേൽപറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും, അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാടുതീർത്ത് വയ്പിക്കേണ്ടതാണ്.
10. അയിത്തം ആചരിക്കുന്ന കടകളുടെ ലൈസൻസ് റദ്ദുചെയ്യുന്നതാണ്.
11. ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ കുഷ്ഠ രോഗമോ വ്രണമോ പകർച്ച വ്യാധികളോ ഉള്ള യാതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന സ്ഥലത്തും പരിസരത്തും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.
12. 40 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും മറ്റ് നിരോധിത പ്ലാസ്റ്റിക്ക് ഇനങ്ങളും ഉൽപ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യാൻ പാടില്ല.
13. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്.
14. 20 സീറ്റിൽ കൂടുതലുള്ള എല്ലാ ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും ടോയ്‌ലെറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
15. നിരോധിത ഉൽപന്നങ്ങളായ പാൻമസാല, ഗുഡ്ഖ തുടങ്ങിയവ സംഭരിച്ചുവയ്ക്കുവാനോ വിൽക്കുവാനോ പാടില്ല.
16. ബാലവേല അനുവദിക്കാൻ പാടില്ല.
17. മുകളിൽ കാണിച്ചിരിക്കുന്ന വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതിന് കാരണമാകാവുന്നതാണ്.

സെക്രട്ടറി

N.B :- ഈ ലൈസൻസ് അവസാനിക്കുന്ന തീയതിയ്ക്ക് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി
ഗ്രാമ പഞ്ചായത്ത്
Ph: 9497043641